**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2155** **21-06-2024 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച മൃതസഞ്ജീവനി പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും അവയവദാനം സുതാര്യമാക്കുന്നതിനും നടപടിക്രമങ്ങൾ നിഷ്കർഷിക്കുന്നതിനുമായി 2012 ൽ മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചു. വിപുലമായ ബോധവത്കരണ പരിപാടികളിലൂടെയും, അവയവദാനവുമായി ബന്ധപ്പെട്ട വിവിധ നടപടിക്രമങ്ങൾ പുറപ്പെടുവിക്കുക വഴിയും ഈ പദ്ധതിയ്ക്ക് പൊതുജന സമ്മിതി ലഭിക്കുകയും അവയവദാനത്തിന് തയ്യാറാകുന്ന വ്യക്തികളുടെ എണ്ണം ക്രമമായി ഉയരുകയും ചെയ്തു. മൃതസഞ്ജീവനി പദ്ധതി മുഖേന മരണാനന്തര അവയവദാനത്തിനായി സമഗ്രമായ പ്രോട്ടോക്കോളുകളും, SOP യും തയാറാക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനം കേരളമാണ്. മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനും അതിനു ശേഷം അവയവദാനം തിരഞ്ഞെടുക്കാത്ത അവസരങ്ങളിൽ രോഗികൾക്ക് വെന്റിലേറ്റർ സപ്പോർട്ട് നിർത്തിവെയ്ക്കുന്നതിനുമുള്ള മാതൃകാപരമായ ഉത്തരവ് ആദ്യം നടപ്പിലാക്കിയത് ഈ പദ്ധതിയുടെ കീഴിലാണ്. അവയവദാന പ്രക്രിയ കൂടുതൽ സുതാര്യവും നിഷ്പക്ഷവും ആക്കുന്നതിനു വേണ്ടി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിക്കുകയും സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിങ് (മൃതസഞ്ജീവനി) നെ കെ-സോട്ടോയുമായി ലയിപ്പിക്കുകയുണ്ടായി. മരണാനന്തര അവയവദാനത്തിന്റെ മഹത്തായ മാനവിക മൂല്യത്തെക്കുറിച്ച് പൊതു സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിപുലമായ ബോധവല്കരണ പരിപാടികൾ കെ-സോട്ടോ യുടെ കീഴിൽ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | അവയവദാനത്തിന്റെ മറവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അവയവ മാഫിയ സംഘങ്ങളെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിന്റെ കീഴിൽ വിശദമായ അന്വേഷണം നടന്നു വരുന്നു. |
| (സി) | സ്വകാര്യ ആശുപത്രികളിൽ അവയവമാറ്റത്തിന് പോലീസിന്റെ ക്ലിയറൻസും മെഡിക്കൽ ബോർഡിന്റെ അനുമതിയും ആവശ്യപ്പെട്ട് നിയമനിർമ്മാണം നടത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിൽ സുതാര്യവും നിയമവിധേയവുമാണ്. ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആക്ട് 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആൻഡ് ടിഷ്യൂസ് റൂൾസ് 2014, 19.11.2010 ലെ 14931/എസ്2/2009/ആ.കു.വ നമ്പർ വിജ്ഞാപനം എന്നിവ പ്രകാരമാണ് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റം നടക്കുന്നത്. ആയതിനാൽ നിലവിൽ പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യമുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ